ക്ലിനിക് നടത്തിവരുന്നു. പദ്ധതി തുടങ്ങിയതിനുശേഷം ഇതുവരെയുള്ള കാലയളവിൽ 15000-ത്തിലധികം രോഗികൾ (കോഴിക്കോട്-3000, മലപ്പുറം-3500, കാസർഗോഡ്-6000, വയനാട്-3300) രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർക്ക് സൗജന്യ ചികിത്സ, മരുന്ന് ഉൾപ്പെടെയുള്ള മറ്റ് സേവനങ്ങൾ എന്നിവ നൽകിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി മനോരോഗചികിത്സ കൂടാതെ, ഡോക്ടർമാർ, നഴ്സുമാർ എന്നിവർക്കായി ആരോഗ്യപരിശീലന പരിപാടികളും വിദ്യാർത്ഥികൾ, ആശാ പ്രവർത്തകർ, ആരോഗ്യ മേഖലയിലെ മറ്റ് സന്നദ്ധ പ്രവർത്തകർ, പൊതുജനങ്ങൾ എന്നിവർക്കായി ബോധവത്ക്കരണ പരിപാടികളും നടത്തുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ, സാമൂഹ്യ മാനസികാരോഗ്യ പദ്ധതിക്കായുള്ള എൻ.ആർ.എച്ച്.എം. ഫണ്ട് ലഭ്യമായിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാതിരിക്കുന്നതിനായി, സർക്കാർ ഇടപെടലുകളെ തുടർന്ന്, 50 ലക്ഷം രൂപ അടിയന്തര സഹായമായി എൻ.ആർ.എച്ച്.എം.-ൽനിന്ന് ഇംഹാൻസിന് ലഭ്യമാക്കിയിട്ടുണ്ട്.

ചേലക്കര നിയോജകമണ്ഡലത്തിലെ സി.എച്ച്.സി.-കളും പി.എച്ച്.സി.-കളും

41 (733) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ എത്ര സി.എച്ച്.സി.-കളും പി.എച്ച്.സി.-കളും പ്രവർത്തിക്കുന്നുണ്ടെന്നും ഈ സ്ഥാപനങ്ങളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഓരോന്നിലും അനുവദിച്ചിട്ടുള്ള തസ്തികകളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(ബി) ഈ സ്ഥാപനങ്ങളിൽ ഓരോന്നിലും നിലവിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഓരോ സ്ഥാപനത്തിലും അനുവദിക്കപ്പെട്ട തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണത്തിനാനുപാതികമായി സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനും നിലവിലുള്ള ഒഴിവുകൾ പൂർണ്ണമായും നികത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ചേലക്കര നിയോജകമണ്ഡലത്തിൽ രണ്ട് സി.എച്ച്.സി.-കളും ഒൻപത് പി.എച്ച്.സി.-കളും നിലവിലുണ്ട്. ടി സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ, ജീവനക്കാർ, നിലവിലുള്ള ഒഴിവുകൾ എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഡി) തിരുവില്വാമല സി.എച്ച്.സി.-യിലും വരവൂർ പി.എച്ച്.സി.-യിലും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. 26-5-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1669/14/ആ.കു.വ. 1-1-2015-ലെ സ.ഉ. (സാധാ) നമ്പർ 04/2015/ആകവ എന്നീ ഉത്തരവുകൾ പ്രകാരം പഴയന്നൂർ സി.എച്ച്.സി.യിൽ ജൈനക്കോളജി, പീഡിയാട്രിക് എന്നീ സ്പെഷ്യാലിറ്റി യൂണിറ്റുകൾ നടപ്പാക്കാൻ ഉത്തരവായിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു. നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

നെടുമ്പന സി.എച്ച്.സി.-യിലെ നഴ്സുമാരുടെ ഒഴിവുകൾ

42 (734) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമ്പന സി.എച്ച്.സി.-യിൽ നിലവിൽ നഴ്സുമാരുടെ എത്ര തസ്തികകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ; ഈ തസ്തികകളിന്മേൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) ഒഴിവുള്ള തസ്തികകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) നെടുമ്പന സി.എച്ച്.സി.-യിൽ സി.എച്ച്.സി. പാറ്റേണിൽ മെഡിക്കൽ ഓഫീസർമാരെയും ജീവനക്കാരെയും നിയമിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 9 തസ്തികകൾ.

2 ഒഴിവുകൾ നിലവിലുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly